# ഊശാനാ

## പ്രദക്ഷിണസമയത്തു ചൊല്ലുവാനുള്ളത്

(സൂഗീസൊ-മൻദേൻ അസ്ക്കൻ)

യേരുശലേമിലെ വൻമലമേ-
ലോരുകിലെന്നേയാരേറ്റി
ഖരവാഹനനായ് പുരിപൂകും
പരസുതനേ ഞാൻ കാണുന്നു.

നിബിയന്മാരുടെ തിരുനിവഹം
നടകൊള്ളുന്നു പുരോഭൂവിൽ
ശ്ളീഹന്മാരുടെ ദിവ്യഗണം
പിന്നണിചേർന്നു വരുന്നല്ലൊ
സൈത്തിൻ കൊമ്പുകളേന്തിയിതാ
പിഞ്ചുകിടാങ്ങൾ പാടുന്നു

ഭൂസ്വർഗ്ഗങ്ങളിലൂശാനാ!
ദാവീദാത്മജനൂശാനാ!
വന്നവനും വരുവോനുമഹോ
ധന്യൻ നിഖിലേശാ! സ്തോത്രം.

## കുരുത്തോല വാഴ്വ്

### പ്രാർത്ഥന

ദൈവമേ നിന്റെ കൃപപോലെ....

(ഹൗ ദബ്സൗക്കെ)

ഒലിവീന്തൽ-തലകളെടുത്തൂശാ-നാ
ശിശുബാലൻ-മാർ പാടിക്കീർത്തി-ച്ചോൻ
ദേവാ! ദയചെയ്തീടണമേ.

ക്രൂബഗണം-ഭ്രമമൊടു പേറിടു-മ്പോൾ
ഗർദഭമേ-റീട്ടേറുശലേമാ-ർന്നോൻ-ദേവാ....
യേരുശലേം-പുരി പൂകീടുന്നേ-രം
മധുരാരാ-വം ശിശുഗണമർപ്പി-ച്ചോൻ-ദേവാ....
ഗിരിസൈത്തിൽ-നിന്നേറുശലേമോ-ളം
ശിശുബാലൻ-മാരോശാനാ പാ-ടിയ-ദേവാ....
ബാറെക്മോർ-ശുബഹോ....മെനഓലം....

വിനയത്താൽ-രക്ഷയെ നല്കിയ സൂ-നോ!
യുവശിശുവൃ-ദ്ധന്മാർ സ്തുതി ചെയ്‌വോ-നേ! ദേവാ....

(കുക്കിലിയോൻ)

ഈശാ!നാഥാ! പാരെങ്ങും തിരുനാമം മഹനീയം ഹാ....
നിൻമഹിമാവിനെ ഗഗനതലത്തി-ന്നരുളിനീ.
നീ ബാലകയുവവദനത്തിലൊരുക്കീ നിൻ സ്തുതിയെ
ഹാലേ....വൈരികളാമെതിരാ-ളികൾ മായും.
ബാറെക്മോർ-ശുബഹോ....മെനഓലം....

(അൽ തൂറോ)

ശ്ളോമോ സീയോനോടറിയിക്കുന്നോനേ! -യേരുശലേ മിൻ ശമ ദാതാവേ! ഉന്നതപവർവ്വതമേറിപ്പുകുക മേൻമ-നാദമുയർത്തി ക്കെൽപ്പോടവളോടുൽഘോഷിക്ക-പ്രോക്തം നിന്നപദാനം മഹ നീയം-നീ ദൈവത്തിൻ പത്തനമല്ലോ-ഇസ്രായേലിനു ശമന വുമന്യജനത്തിൻ തനയയ്ക്കനിശം ശാന്തിയതും രക്ഷയുമു ദയം ചെയ്യട്ടെ.

പ്രാർത്ഥന

(കുക്കിലിയോൻ)

വാഴ്ത്തുക കർത്തനെ യേറുശലേമേ!- ഹാലേ....
വാഴ്ത്തുക സീയോനേ! നിൻ ദൈവത്തെ.
ബാറെക്മോർ-ശുബഹോ....മെനഓലം....

(ഹ്ദോയ് തോബ്)

യേറുശലേമേ! പരമാനന്ദത്തോടാഹ്ലാദിക്ക-സീയോൻ തൻപ്രി യരേ! സതതം മോദമൊടാഘോഷിക്ക- സർവ്വജനത്തെയുമാളും മശിഹാ സേനാധീശൻ-വൈരിമദംധ്വംസിപ്പാൻ ഗർദഭവാഹന നായെഴുന്നള്ളുന്നു-കർത്താവിൻ സൃഷ്ടികളെ! ദേവാധീശനെ വാഴ്ത്തിൻ നിത്യം-വാഴ്ത്തി സ്തോത്രം ചെയ്യുവിനെന്നേവം തൻപേർക്കായ് നാമാർത്തീടുന്നു.

സ്തൗമെൻകാലോസ്....കുറിയേ....

## പ്രൊമിയോൻ

(കൂക്കായൊ-ഒമറിൻ സോബേ)

യേറുശലേമേറുന്നോനെ-യേൽപ്പാൻ ബാലകരേ!
കല്ലുകളേന്തിച്ചെല്ലുവിനെ-ന്നോതീ വൃദ്ധൻമാർ

കല്ലുകൾ പേറി-ച്ചെന്നൂ പൈതങ്ങൾ
ഗിരിസൈത്തിൻമേ-ലവനെ കണ്ടപ്പോൾ

കല്ലുകൾ കൈവിട്ടൊലിവിൻ കൊ-മ്പേന്തീട്ടിസറായേൽ
നൃപതേ! ശാന്തി സ്വാഗതമെ-ന്നുച്ചത്തിൽ പാടി
ഹാലേലുയ്യാ-നിൻവരവതി ധന്യം.

യേറുശലേമവനാർന്നപ്പോൾ-ദിവ്യാത്മീയമതാം
വിമലസ്തുതിയാൽ വിമലസഭ-നൽകീ സ്വീകരണം

സ്വാഗതമവന-ങ്ങേകാൻ കരതാരിൽ
ചില്ലികളേന്തും-പൈതങ്ങളെ വിട്ടാൾ.

സ്തുതിഘോഷത്താലവരേവം-പാടീ തിരുമുമ്പിൽ
ദാവീദാത്മജനൂശാനാ-രക്ഷാദാതാവേ!
ഹാലേലുയ്യാ-തിരുനാമം ധന്യം.

ബാറെക്മോർ-ശുബഹോ....

സഭഘോഷിക്കുന്നിവനല്ലോ-വാനിൻ മണവാളൻ
ദാവീദുസുതൻ ദാവീദിൻ-നാഥൻ നിന്ദിതമാം

മൃഗമേറുന്നൂ-തിരുമുമ്പിൽ നിബിയർ
നടകൊള്ളുന്നൂ-ശിഷ്യഗണം പിമ്പെ

പിഞ്ചുകിടാങ്ങൾ സൈത്തിൻകൊ-മ്പേന്തിക്കൊണ്ടാർത്തു
ദാവീദാത്മജനൂശാനാ-ധന്യൻ രക്ഷകനേ!
ഹാലേലുയ്യാ-വാനതിലൂശാനാ.

മെനഗാലം....

യീഹൂദ്യായിൽ കർത്താവിൻ-കാലത്തുണ്ടായോ-
രാശ്ചര്യം മഹനീയം താൻ-ശിഷ്യൻമാരൊത്ത്
മഹിമാവിൻ തേ-രുള്ളോൻ സീനായെ
വിറകൊള്ളിച്ചോൻ-പെരുന്നാൾ കൊണ്ടാടാൻ

ഗർദഭമേറീട്ടേറുശലേം നഗരം പൂകുമ്പോൾ
കൈപ്പിള്ളകളൂശാനകളാൽ-പാടിക്കീർത്തിച്ചു.
ഹാലേ-വാനതിലൂശാനാ.

മൊറിയൊ....

## എത്രോ

### (മാർ യാക്കോബിന്റെ ബോവൂസൊ)

ഉണ്ണികളാർത്തു നാഥൻ ശുദ്ധൻ ശുദ്ധൻ ശുദ്ധൻ
ഗർദഭമേറീട്ടേറുശലേമേറുന്നോൻ ശുദ്ധൻ

പാടിൻ പാടിൻ പാടിൻ സ്തോത്രം ദൈവസുതന്നായ്
എന്തിനു മാന്ദ്യം തൽ സ്തുതി പാടാൻ നീനിർദ്ദിഷ്ടൻ

നാഥന്നേറ്റം പ്രിയമാം വിനയം പൂണ്ടു ചരിപ്പാൻ
ഈ ലോകത്തിൽ തന്നുടെ മാർഗ്ഗം സംസ്ഥാപിച്ചാൻ

ശ്രേഷ്ഠന്മാർ തൻ വാഹനമേൽക്കാതതിവിനയത്താൽ
അന്യജനത്തെ ദർശിപ്പാനായ് ഗർദഭമേറി.

എബ്രായൻമാർ വരുമരചൻ തൻ വിനയം ദർശി-
ച്ചൂശാനപ്പാട്ടാർത്തിടുവാനായ് കൊമ്പുകളേന്തി

വൃദ്ധൻമാരാവിഹിത സ്തുതിയിൽ നീരസമാണ്ടു
ആശ്ചര്യത്തോടൂശാനയ്ക്കായ് ബാലകരാഞ്ഞു.

വൃദ്ധന്മാർ തൻ കടഭാരത്തെ വീട്ടിയുവാക്കൾ
യോഗ്യമതാകും സ്തുതിയവിടേവം സംഭൃതമായി.

ആഗതനീശൻ വാഴ്വുടയോനെന്നുത്തരമാർത്തു
വൻസ്തുതിയാലായെഴുന്നള്ളത്തിൻ പാതമുഴങ്ങി

താതൻസ്തുത്യൻ നരരക്ഷയ്ക്കായ് സുതനെ വിട്ടോൻ
സീയോൻ തെരുവിൽ മൃഗമാരൂഢൻ പുത്രൻ വന്ദ്യൻ.

വന്ദ്യൻപുത്രന്നുച്ചരവത്തിൽ സ്തോത്രം പാടാൻ
ബാലൻമാരെ പ്രേരിപ്പിച്ചോൻ റൂഹാസ്തുത്യൻ.

മുമ്പിൽ നിബിയൻ പിമ്പിൽ ശ്ലീഹർ ബാലൻമാരും
ഊശാനപ്പാട്ടുൽഘോഷിച്ചങ്ങവനെ വാഴ്ത്തി

നാഥൻ ദൈവം നിന്ദ്യമൃഗത്തെ വാഹനമാക്കി
സ്ക്കറിയായേ! നിൻമൊഴി നിറവേറി സ്തുതിഘോഷിക്ക.

(സുമ്മോറൊ)

ധന്യൻ കർത്താവിൻ തിരുനാമത്തിൽ
വന്നോനെന്നേവം-സീയോൻ തെരു
വിൽ കുട്ടികളുൽഘോഷിച്ചു.

## വായനകൾ

| | | | |
|---|---|---|---|
| ഏശായാ | 51: 9–11 | സഖറിയ | 9: 9–12 |
| 1 യോഹ. | 2: 7–17 | റോമർ | 11: 13–24 |

(ഏവൻഗേലിയോനു മുമ്പ്-പെത്ഗോമൊ)

ഹാലേ....ഉഹാലേ....എന്നെന്നും ഞാൻ ദേവാഗാരത്തിൽ
മേൻമയെഴും സൈത്തിന്നൊത്തോനാം-ഹാലേ....

ഏവൻഗേലിയോൻ

വി. മർക്കോസ് 11: 1-11

(ഏവൻഗേലിയോന്റെ മദ്ധ്യത്തിൽ)

ഊശാനാ-ധന്യൻ കർത്താവിൻ നാമ
ത്തിൽ വരുവോൻ-ധന്യം കർത്താവിൻ
തിരുനാമത്തിൽ വന്നീടും-പിതൃദാ
വീദിൻ രാജ്യം-വാനിൽ ശാന്തി!
സ്തുതി സ്വർഗ്ഗത്തിൽ!-സ്വർഗ്ഗങ്ങളിലൂശാനാ!

സ്ലീബായാഘോഷം

ദൂതൻമാർ സേവിപ്പോനേ!....ഇത്യാദി 29-ാം വശത്ത്

# പെസഹാഗീതം

## വി. കുർബ്ബാന കൊടുക്കുമ്പോൾ

1 രഹസ്യം-രഹസ്യം-ഉടയോനരുളി
രഹസ്യ-മെനിക്കും-എൻ വീട്ടുകാർക്കും.
സ്വർഗ്ഗാധിനാഥാ-മഹത്വമണാളാ
സ്തോത്രം തിരുനാ-മത്തിനു നിത്യം

2 ഹാബേലാരേ-തിരുബലിയാലേ
രൂപീകരിച്ചോ-ആയതിവൻതാൻ
(സ്വർഗ്ഗാ....)

3 ആചാര്യനായ-മൽക്കി-സദേക്ക്
പൂജിച്ചുവന്ന-യാഗമിവൻതാൻ
(സ്വർഗ്ഗാ....)

4 തരുവിൽ-പിറന്ന-കുഞ്ഞാടുമൂലം
ഇസഹാക്കിനേയും-വീണ്ടോനിവൻതാൻ

(സ്വർഗ്ഗാ....)

5 മെസ്രേൻ കടിഞ്ഞൂൽ-വധിച്ചി-സ്രായേൽ
ജനത്തെ-രുധിരാൽ-വീണ്ടോനിവൻതാൻ

(സ്വർഗ്ഗാ....)

6 ദേവാ-ലയത്തിൽ-മഹിമനിറഞ്ഞ്
ആമോസു-തനയൻ കണ്ടോ-നിവൻതാൻ

(സ്വർഗ്ഗാ....)

7 ഏശായാ-നിബിക്ക്-ദൂതൻ കൊടുത്ത
പാവ-നമാംതീ-ക്കനലു-മിതുതാൻ

(സ്വർഗ്ഗാ....)

8 ഹസ്ക്കിയെലാരേ-നരരൂ-പിയായി
തേരിൽകണ്ടോ-ആയതി-വൻതാൻ

(സ്വർഗ്ഗാ....)

9 നിബിയർ-നിവഹം-തന്നാഗമനം
മുന്നറിയിച്ചാ-ദൈവ-മിവൻതാൻ

(സ്വർഗ്ഗാ....)

10 ഏദനിലാദാം-രുചി-നോക്കാത്ത
ജീവതരുവിൻ-ഫലവും-ഇവൻതാൻ

(സ്വർഗ്ഗാ....)

11 മരുഭൂമി-തന്നിൽ-ഇസ്രേല്യർക്ക്
കൊടുത്തൊരു-ഗഗനം-മന്നായിതുതാൻ

(സ്വർഗ്ഗാ....)

12 ജ്ഞാനം-പണിത-ഗേഹത്തിലുള്ളോർ
തിന്നുകുടിക്കു-ന്നാഹാര-മിതുതാൻ

(സ്വർഗ്ഗാ....)

13 വാങ്ങി-ഭുജിപ്പീൻ-കുടിപ്പീനെന്ന്
ഏശായ-ചൊന്ന ഭക്ഷ്യ-മിതുതാൻ

(സ്വർഗ്ഗാ....)